**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 813** **24-02-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ശിശുമരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എ. രാജ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ ശിശുമരണം റിപ്പോർട്ട് ചെയ്തയുടൻ തന്നെ അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ ഫലപ്രദമായി ഇടപെട്ടിരുന്നോ; | (എ) | സർക്കാർ ഫലപ്രദമായി ഇടപ്പെട്ടിട്ടുണ്ട്. പ്രസ്തുത മരണങ്ങൾ റിപ്പോർട്ട് ചെയ്ത ഉടൻ തന്നെ വകുപ്പ് മന്ത്രി രണ്ട് തവണ അട്ടപ്പാടി സന്ദർശിക്കുകയും ആരോഗ്യം, പട്ടികവർഗ്ഗ വികസനം, കുടുംബശ്രീ, വനിതാ ശിശുക്ഷേമം, എക്സൈസ്, തദ്ദേശ സ്വയം ഭരണം, ഭക്ഷ്യ സിവിൽ സപ്ലൈസ്, പോലീസ് തുടങ്ങിയ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ച് ചേർക്കുകയും ഓരോ വകുപ്പുകളും നടപ്പിലാക്കേണ്ടുന്ന പദ്ധതിയുടെ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഭാരക്കുറവോടുകൂടി ജനിക്കുന്ന കുട്ടികളാണ് മരണത്തിന് കീഴ്പ്പെടുന്നതെന്നതിനാൽ മാതാവിന് ശരിയായ രീതിയിൽ പോഷകാഹാരവും വൈദ്യപരിശോധനയും ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും നവജാത ശിശുക്കൾക്കും യഥാസമയം വൈദ്യ പരിശോധനയും പോഷകാഹാരവും ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ പ്രൊമോട്ടർമാർ, അംഗൻവാടി വർക്കർമാർ, ആശാവർക്കർമാർ, കുടുംബശ്രീ അനിമേറ്റർമാർ എന്നിവരെ നിയോഗിച്ച് തുടർച്ചയായി ഇവരെ നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ് ഡസ്ക് രൂപീകരിച്ചു. 24 മണിക്കൂർ സേവനം ലഭ്യമാണ്. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ഭക്ഷ്യസഹായ പദ്ധതിയിലൂടെ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തു വരുന്നു. കൂടാതെ ജനനി ജന്മരക്ഷാ പദ്ധതിയിലൂടെ പ്രതിമാസം 2,000/- രൂപ വീതം ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും നൽകി വരുന്നു. ടി തുക ശരിയായി വിനിയോഗിക്കുന്നുണ്ടെന്നും പോഷകാഹാരം വാങ്ങി കഴിക്കുന്നുണ്ടെന്നും ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന എസ്.ടി പ്രൊമോട്ടർമാർ മുഖേന നിരീക്ഷിച്ചു വരുന്നു. ആരോഗ്യ വകുപ്പ് വൈദ്യ |

| | | | |
|---|---|---|---|
| | | | പരിശോധന യഥാസമയം നടത്തി വരുന്നുണ്ട്. കൂടാതെ ഗർഭിണികളെ എല്ലാ ആഴ്ചകളിലും ഊരുകളിൽ ചെന്ന് നേരിട്ട് കണ്ട് അവരുടെ ആരോഗ്യ സ്ഥിതി വിലയിരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനു പ്രദേശവാസികളെ സാമ്പത്തികമായി സ്വയംപര്യപ്തരാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | അർഹരായ എല്ലാവർക്കും MGNREGS ന്റെ കീഴിൽ 200 തൊഴിൽദിനങ്ങൾ ഉറപ്പ് വരുത്തുന്നതിനായി ട്രൈബൽ പ്ലസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. കൂടാതെ കാർഷികോദ്യമ വികസന പദ്ധതികൾ നടപ്പിലാക്കുന്നു. വകുപ്പിന് കീഴിലുള്ള അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി (ACFS) മുഖേനയും തൊഴിലവസരങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ